**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യംനമ്പർ - *631**

**30/07/2015 ൽ മറുപടിയ്ക്ക്**

**ഖാദി മേഖലയിലെ നേട്ടങ്ങൾ**

**ചോദ്യം**
**ശ്രീ. എ.റ്റി.ജോർജ്**
**ശ്രീ.ടി.എൻ.പ്രതാപൻ**
**ശ്രീ.സി.പി.മുഹമ്മദ്**
**ശ്രീ.കെ.ശിവദാസൻ നായർ**

**ഉത്തരം**
**ശ്രീ.സി.എൻ.ബാലകൃഷ്ണൻ**
**(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) സംസ്ഥാനത്ത് ഖാദി മേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ചിട്ടുണ്ട്; | (എ) ഖാദി മേഖലയിൽ ഈ സർക്കാരിന്റെ കാലത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ഇൻകം സപ്പോർട്ട് സ്കീമിന്റെ സഹായത്തോടെ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിനും കൊഴിഞ്ഞു പോക്ക് അവസാനിപ്പിക്കുന്നതിനും സർക്കാരിന് സാധിച്ചു. പുതുതായി 3000 പേരെ കൂടി ഈ മേഖലയിലേക്ക് ആകർഷിക്കുവാൻ കഴിഞ്ഞു. ഈ മേഖലയിൽ ഇപ്പോൾ പതിനയ്യായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്.ഈ സർക്കാരിന്റെ കാലത്ത് ഖാദിയുടെ ഉല്പാദനത്തിലും വിപണനത്തിലും വമ്പിച്ച വർദ്ധനവ് ഉണ്ടായി. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ ഖാദി ഉല്പാദനം 27.50 കോടി രൂപയുടേതായിരുന്നത് ഇപ്പോൾ 46.15 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. നടപ്പ് വർഷം അവസാനിക്കുമ്പോൾ ഇത് 5 വർഷം മുമ്പുള്ളതിന്റെ ഇരട്ടിയാകും എന്നാണ് കണക്കാക്കുന്നു.<br>ഖാദിയുടെ വിൽപനയിലും വമ്പിച്ച വർദ്ധനവാണ് ഈ കാലഘട്ടത്തിലുണ്ടായത്. 2010-11 ൽ 56.40 കോടി രൂപയുടെ ഖാദി വസ്ത്രങ്ങളാണ് സംസ്ഥാനത്ത് വിറ്റഴിച്ചതെങ്കിൽ 2014-15 ൽ വിൽപന 112.17 കോടി രൂപയായിട്ടുണ്ട്. റിബേറ്റിനത്തിൽ കഴിഞ്ഞ 4 വർഷത്തിനകം 46.77 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. |

(ബി) ഈ മേഖലയിൽ തൊഴിലാളി കൾക്കുള്ള ആനുകൂല്യങ്ങൾ നൽകൽ, വിവിധ യൂണിറ്റുകളുടെ ആരംഭം, ക്ലസ്റ്ററുകളുടെ നടപ്പാക്കൽ എന്നിവയിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കിയത് ;

(ബി) ഖാദി തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമിട്ട താഴെപ്പറയുന്ന പരിപാടികൾ സർക്കാർ നടപ്പിലാക്കി.

( i ) മുഴുവൻ ഖാദി തൊഴിലാളികളെയും തൊഴിലാളി വിഹിതം കൂടാതെ തന്നെ ESI യുടെ പരിധിയിൽ ഉൾപ്പെടുത്തി.

(ii) ഖാദി തൊഴിലാളികൾക്ക് ഉല്പാദന ഇൻസെന്റീവ് ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5.75 കോടി രൂപ വിതരണം ചെയ്തു.

(iii) ഓണത്തോടനുബന്ധിച്ച് ഖാദി തൊഴിലാളികൾക്ക് നൽകി വന്നിരുന്ന ഫെസ്റ്റിവൽ അലവൻസ് 500 രൂപയിൽ നിന്നും 900 രൂപയാക്കി വർദ്ധിപ്പിച്ചു നൽകി.

(iv) സംസ്ഥാനത്ത് ഖാദി മേഖലയിൽ മിനിമം വേതനം ഫലപ്രദമായി നടപ്പാക്കി. 2010-11 ൽ 10 കോടി രൂപയാണ് ചെലവഴിച്ചതെങ്കിൽ 2014-15 വർഷം 22 കോടി രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

(v) 15 ഖാദി ഉല്പാദന യൂണിറ്റുകൾ ഖാദി ബോർഡിന്റെ കീഴിൽ പുതുതായി ആരംഭിച്ചു.

(vi) ഖാദി ബോർഡിന്റെ കീഴിൽ 2012-13 വർഷത്തിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകൾ ഉൾപ്പെടുത്തി 149 ലക്ഷം രൂപ ചെലവ് വരുന്ന ഒരു ക്ലസ്റ്ററും 2013-14 വർഷത്തിൽ തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ ജില്ലകൾ ഉൾപ്പെടുത്തി 250 ലക്ഷം ചെലവ് വരുന്ന മറ്റൊരു ക്ലസ്റ്ററും നടപ്പിലാക്കി.

(vii) ഖാദി തൊഴിലാളികളുടെ മിനിമം പെൻഷൻ 500 രൂപയായും പരമാവധി പെൻഷൻ 900 രൂപയായും വർദ്ധിപ്പിച്ചു.

| | | |
|---|---|---|
| (സി) | ഈ നേട്ടങ്ങൾ കൈവരിക്കാൻ എന്തെല്ലാം പദ്ധതികളാണ് ഭരണതലത്തിൽ നടപ്പാക്കിയത് ? | (സി) സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് പുതിയ വർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം, സ്പെയർപാർട്സ്, പുതിയ ചർക്കകളും തറിയും സ്ഥാപിക്കൽ, റെഡിമെയ്ഡ് പാവ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ, ഖാദി തൊഴിലാളികൾക്ക് ഇൻസെന്റീവ്, ഖാദി സ്ഥാപനങ്ങൾക്ക് പുനരുദ്ധാരണ ഗ്രാന്റ്, ഏറ്റുകുട്ടുക്ക പരുത്തി സംസ്കരണ യൂണിറ്റിന്റെ വിപുലീകരണം എന്നീ പദ്ധതികളാണ് ഭരണതലത്തിൽ നടപ്പിലാക്കിയത്. ഇതു കൂടാതെ പ്രമുഖ ഗാന്ധിയനായ ശ്രീ. പി.ഗോപിനാഥൻ നായർ അദ്ധ്യക്ഷനായ കമ്മിറ്റി 120 കോടി രൂപയുടെ ആധുനിക വല്ക്കരണ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്. അതിൽ 3230 പേർക്കു പുതിയതായി തൊഴിൽ നൽകാനുള്ള 29.46 കോടി രൂപയുടെ നിർദ്ദശങ്ങൾ ആദ്യഘട്ടമായി നടപ്പാക്കാൻ തീരുമാനിക്കുകയും ഇതേ വരെ 15.21 കോടി രൂപ അനുവദിയ്ക്കുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരമുള്ള ആധുനിക വൽക്കരണ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ